Reg. No. : ....................................

Name : ...........................................

**FME-08**

**FIRST YEAR HIGHER SECONDARY**
**MODEL EXAMINATION, FEBRUARY 2020**

Part – II

Time : $2\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് 2 ഉത്തരം വീതം തിരഞ്ഞെടുത്തെഴുതുക. 2 സ്കോർ വീതം.** **(4 × 2 = 8)**

1. "എന്തിനാ പാട്ടും കഥേം ? അമ്മ പറേണതുപോലെ, പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം". വൃദ്ധയുടെ ഈ വാക്കുകളിൽ സ്ഫുരിക്കുന്ന ഭാവങ്ങൾ കണ്ടെത്തുക.
   - പരിഹാസം
   - അഭിമാനം
   - സന്തോഷം
   - വെറുപ്പ്

2. ഊഞ്ഞാലിൽ എന്ന കവിതയ്ക്ക് അനുയോജ്യമായ പ്രസ്താവനകൾ എഴുതുക.

- കുടുംബ ബന്ധത്തിന്റെ ഊഷ്മളത അവതരിപ്പിക്കുന്നു
- ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ഉത്കണ്ഠ അവതരിപ്പിക്കുന്നു
- ജീവിതത്തിന്റെ മഹത്വം അവതരിപ്പിക്കുന്നു
- മാതൃസ്നേഹത്തിന്റെ പ്രാധാന്യം മുഖ്യമായി അവതരിപ്പിക്കുന്നു.

3. കൈപ്പാട് എന്ന ഡോക്യുമെന്ററി മുന്നോട്ടുവയ്ക്കുന്ന രണ്ട് ആശയങ്ങൾ

- ആധുനിക കാലഘട്ടത്തിൽ കൃഷി വ്യവസായമായി മാറണം
- പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പര സഹകരണം
- രാസകീടനാശിനി പ്രയോഗമില്ലാതെ കൃഷി സാധ്യമാണ്
- വികസനത്തിന് കൈപ്പാടുകൾ തടസ്സമാണ്

4. വാസനാവികൃതിയുടെ ആഖ്യാന സവിശേഷതകളായി പറയാൻ കഴിയുന്നവ കണ്ടെത്തുക

- ഓർമ്മയിലൂടെയുള്ള കഥപറച്ചിൽ
- പാരിസ്ഥിതികമായ അവബോധം നല്കൽ
- ഹാസ്യാത്മകമായ ആവിഷ്കരണം
- സ്ത്രീസ്വാതന്ത്ര്യത്തിന്റെ ആവശ്യകത കാണിക്കുന്നു

5. സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ കേവലം കാഴ്ചക്കാരിയായിനിന്ന തങ്കം നായർ പ്രതിനിധീകരിക്കുന്നത്.

- ത്യാഗപൂർണ്ണമായ ജീവിതം നയിച്ചവരെ
- സുഖാലസ്യത്തിൽ കഴിഞ്ഞവരെ
- നിസ്വാർത്ഥത പുലർത്തിയവരെ
- കുടുംബത്തിന്റെ തണലിൽ അഭയം കണ്ടെത്തിയവരെ

**6 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വിതം. (3 × 2 = 6)**

6. കേൾക്കുന്നുണ്ടോ എന്ന ഹ്രസ്വചിത്രത്തിൽ പ്രധാനമെന്ന് നിങ്ങൾ കരുതുന്ന ആശയമെന്ത്?

7. ഒരു പീഡയെറുമ്പിനും വരു-
ത്തരുതെന്നുള്ളനുകമ്പയും സദാ
കരുണാകര! നൽകുകുള്ളിൽ നിൻ
തിരുമെയ് വിട്ടകലാതെ ചിന്തയും. – ഇവിടെ 'കരുണാകര'
എന്ന അഭിസംബോധനയുടെ ഔചിത്യമെന്ത്?

8. ശസ്ത്രക്രിയ എന്ന കഥയിൽ അമ്മയിലുണ്ടായ 'പ്രകടമായ' പുത്രസ്നേഹത്തെ 'ആർദ്രതയുടെ സ്ഫോടനം' എന്ന് വിശേഷിപ്പിക്കുന്നതിന്റെ പൊരുളെന്ത്?

9. അധികനേരമായ് സന്ദർശകർക്കുള്ള മുറിയിൽ മൗനം കുടിച്ചിരിക്കുന്നു നാം – ഇവിടെ 'മൗനംകുടിയ്ക്കുക' എന്ന പ്രയോഗം ധ്വനിപ്പിക്കുന്നതെന്ത് ?

**10 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വിതം. (5 × 4 = 20)**

10. "എത്ര ദുർബലയാണ് താൻ ! എത്ര ഹീനയാണ് !" – ലാത്തിയും വെടിയുണ്ടയും എന്ന ഭാഗത്തെ തങ്കംനായരുടെ ചിന്തയിൽ കുറ്റബോധമാണോ നിഴലിക്കുന്നത് വ്യക്തമാക്കുക.

11. "പിള്ളരേ നുള്ളിനാനെന്നങ്ങു ചൊല്ലീട്ടു
പീലികൊണ്ടെന്നെയടിച്ചാളമ്മ" – ശ്രീകൃഷ്ണനും അമ്മയും തമ്മിലുള്ള ബന്ധം വ്യക്തമാക്കാൻ ഈ വരികൾ എത്രമാത്രം യോജിച്ചതാണ് ? അഭിപ്രായക്കുറിപ്പ് തയാറാക്കുക.

12. “പ്രേക്ഷക സമൂഹവും സിനിമാവ്യവസായവും പരസ്പരാശ്രിതത്വത്തിലൂടെ സൃഷ്ടിക്കുന്നതാണ് നിലവിലുള്ള സംസ്കാരം എന്നു പറയാം” (സിനിമയും സമൂഹവും) നിലവിലുള്ള സംസ്കാരത്തിൽ സിനിമ സ്വാധീനം ചെലുത്തുന്നുണ്ടോ ? നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

13. ‘മുഹ്‌യിദ്ദീൻമാല’യിലെ ലളിതമായ ഭാഷയിലൂടെ അബ്ദുൽ ഖാദിർ ജീലാനിയുടെ അസാധരണമഹത്വം അവതരിപ്പിക്കാൻ ഖാസിമുഹമ്മദിന് കഴിഞ്ഞിട്ടുണ്ടോ ? പാഠഭാഗം ആസ്പദമാക്കി പരിശോധിക്കുക.

14. നാട്ടിൻപുറത്തോടുള്ള വൈലോപ്പിള്ളിയുടെ സ്നേഹം ‘ഊഞ്ഞാലിൽ’ എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ വിലയിരുത്തുക.

15. “കാലത്തേയും ദേശത്തേയും ഭാഷയേയും മറികടന്ന് ഒരു ഞരമ്പ് ഭൂമിയിലെ എല്ലാ സ്ത്രീജന്മങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നുണ്ട്”. (കെ.ആർ. മീര)

‘ഓർമ്മയുടെ ഞരമ്പ്’ എന്ന കഥയിലെ പെൺകുട്ടിയുടെ വൃദ്ധയോടുള്ള ഈർഷ്യ സ്നേഹമായി പരിണമിച്ചത്, ഈ പ്രസ്താവന സാധൂകരിക്കുന്നുണ്ടോ ? അഭിപ്രായ ക്കുറിപ്പെഴുതുക.

**16 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(4 × 6 = 24)**

16. “നർമ്മമാണ് ഈ ഗാനത്തിന്റെ മുഖമുദ്ര. മാപ്പിളപ്പാട്ടിന്റെ മൊഞ്ചോടുകൂടി ഇത് പാടികേൾക്കുമ്പോൾ ആരും ചങ്ങാത്തം സ്ഥാപിക്കുന്ന വരികളും സംഗീതവും” – കായലരികത്ത് എന്ന ഗാനത്തെ നിത്യഹരിതമാക്കുന്നതിൽ നർമ്മത്തിന്റെ ആവിഷ്കരണം സഹായിക്കുന്നുണ്ടോ ? വിശദീകരിക്കുക.

17. എല്ലാറ്റിനെയും ചുട്ടുചാമ്പലാക്കാൻ കഴിയുന്ന ഒരു സാമൂഹിക വ്യവസ്ഥിതിയിൽ മത്സ്യത്തിന്റെ അപരാജിതമായ ചെറുത്തുനിൽപ് ആവേശം പകരുന്നതാണോ ? വിലയിരുത്തുക.

18. കുഞ്ഞിന്നമ്മ മുലപ്പാല് കുതുകാലേകിടും വിധം

വരണ്ട പാരിന്നേകുന്നു വാനം വർഷാപയോമൃതം

*(ഡി. ശ്രീമാൻ നമ്പൂതിരി)*

*– മഴക്കാലം*

*(പയോമൃതം – ജലമാകുന്ന അമൃത്)*

നിർത്താതെ

കരഞ്ഞതിനാണത്രേ

മഴയെ

നഴ്സറിക്ലാസിൽ നിന്നും

പുറത്താക്കിയത്

*(ധന്യാരാജ്– കരച്ചിൽ)*

- എല്ലാവരും ഒരേപോലെ കാണാത്തതാണ് കലാകാരൻ തിരഞ്ഞെടുക്കുന്ന സിംബലുകൾ

*(എം.എൻ. വിജയൻ)*

കാവ്യഭാഗങ്ങൾ പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

19. "നായകന്റെ ദുരിതാനുഭവങ്ങളെ പ്രസാദാത്മകമായി അവതരിപ്പിച്ചിരിക്കുന്നു എന്നതാണ് വാസനാവികൃതിയുടെ ഒരു സവിശേഷത" – ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

20. "കഥയെക്കുറിച്ചുള്ള സാമാന്യ സങ്കല്പങ്ങളിൽ നിന്ന് വ്യത്യസ്തമാണ് ബഷീറിന്റെ അനർഘനിമിഷം" – ഈ നിരീക്ഷണം എത്രമാത്രം ഉചിതമാണ് വ്യക്തമാക്കുക.

**താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ച് 21 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(3 × 2 = 6)**

പോക്കുവെയിലിൻ
    നുറുങ്ങുകളങ്ങിങ്ങു
തീക്കനൽപോലെ
    തിളങ്ങുന്നു; തീരത്തെ
ആൽമരമായിരം
    പത്രങ്ങളാൽ വീശി-
യാകെത്തളർന്നതു
    മാതിരി; യപ്പൊഴും
ഉണ്ണിമണൽത്തരി-
    യോരോന്നുമുള്ളിലെ
ഉഷ്ണം വമി ച്ചതിൽ-
    ത്തന്നെ കിടക്കുന്നു !
അക്കരെയിക്കരെ
    ജീവിതഭാരങ്ങൾ
അക്ഷീണമേറ്റി-
    യിറക്കിയൊരു തോണി
സേവനം പൂർത്തിയാം-
    മുമ്പടുത്തൂൺ പറ്റി
ഈ വെറും പൂഴിയിൽ
    വീണു കിടക്കുന്നു
ദൂരേ നഗരമിര-
    മ്പുന്നു; ജീവന്റെ
നാരായവേരും പറി-
    ച്ചെടുക്കുന്നതിൻ
വേദന നിശ്ശബ്ദ-
    യായ് നീ സഹിപ്പതെൻ
മേദിനി, ഞാനു
    മറിഞ്ഞു തുടങ്ങുന്നു !

*(ഒ.എൻ.വി. കുറുപ്പ്)*

(വേനൽക്കുറിപ്പുകൾ)

21. വൈകുന്നേരത്തെ കവി അവതരിപ്പിക്കുന്നതെങ്ങനെ ?

22. സേവനം പൂർത്തിയാക്കും മുമ്പ് തോണി അടുത്തൂൺ പറ്റിയതെന്തുകൊണ്ടാകാം.

23. ഭൂമിയുടെ നിശബ്ദ വേദന കവിയുടേതുമായി മാറുന്നതെന്തുകൊണ്ട്?

**24 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

24. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ലേഖനം പകർന്നുതരുന്ന പാഠങ്ങളെന്തെല്ലാം – സമകാലിക അവസ്ഥകളെക്കൂടി മുൻനിർത്തി ഉപന്യസിക്കുക.

25. സ്ത്രീ ശാക്തീകരണത്തിനുള്ള ഉണർത്തുപാട്ടായി സംക്രമണത്തെ കരുതാമോ – നിരൂപണം ചെയ്യുക.

26. 'പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. മരണം ഒഴിച്ച്' സൈക്കിൾ മോഷ്ടാക്കൾ എന്ന സിനിമയിലെ അന്റോണിയോറിച്ചിയുടെ ഈ വാക്യങ്ങൾ സിനിമയുടെ സന്ദേശമാണോ ? വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കുക.